# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 559** **07.01.2014-ലെ മറുപടിക്ക്**

**<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>**

**<u>ചോദ്യം</u>**

ശ്രീ. പി.കെ. ബഷീർ
ശ്രീ. കെ.എൻ.എ. ഖാദർ
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. എൻ. ഷംസുദ്ദീൻ

**<u>ഉത്തരം</u>**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സാമ്പത്തിക സ്ഥിതി സുസ്ഥിരവും, വികസനോന്മുഖവുമാക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ; | അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാനത്തിന്റെ സാമ്പത്തിക വികാസത്തിലുള്ള മുഖ്യ പങ്ക് കണക്കിലെടുത്ത് ഈ മേഖലയുടെ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് നിരവധി വൻകിട പദ്ധതികൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട് കൊച്ചി മെട്രോ, ഹൈ സ്പീഡ് റെയിൽ കൊറിഡോർ, തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പ്രോജക്ട്, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, 35-ാം നാഷണൽ ഗെയിംസ് പദ്ധതികൾ, മൊബിലിറ്റി ഹബ്ബ് എന്നിവ അവയിൽ ചിലതാണ്. സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കാർഷിക മേഖലയുടെ മുന്നേറ്റത്തിനായി എല്ലാ ചെറുകിട കർഷകർക്കും പലിശ രഹിത കാർഷിക വായ്പാ ലഭ്യത ഉറപ്പാക്കുന്നതിനും ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉത്പന്നങ്ങൾ മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനും അതു വഴി കാർഷികമേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്നതിനും നടപടികൾ കൈക്കൊണ്ടുവരുന്നു. അതുപോലെ തന്നെ മാനവ വിഭവശേഷി വികസനത്തിനും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കരിയർ ഡെവലപ്മെന്റ് മിഷൻ, പ്ളെയിസ്മെന്റ് സെല്ലുകൾ തുടങ്ങിയവ ആരംഭിക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്.<br>വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി അധിക വിഭവ സമാഹരണം ലക്ഷ്യമിട്ടുകൊണ്ട്, പുതിയ നികുതി-നികുതിയേതര വരുമാനങ്ങൾ കണ്ടെത്തുന്നതിനും നിലവിലെ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ റവന്യൂ ചെലവ് ചുരുക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | സാധാരണ ജനങ്ങളിൽ അധിക ഭാരം വരാത്ത രീതിയിൽ സംസ്ഥാനത്തിന്റെ വരുമാന വർദ്ധനയ്ക്കുതകുന്ന നടപടികൾക്ക് രൂപം നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ഉണ്ട്. |

| | | |
|---|---|---|
| (സി) | വിവിധ ഭരണച്ചെലവും അപ്രായോഗികവും, പ്രയോജനരഹിതവുമായ പദ്ധതികൾക്കുവേണ്ടിയുള്ള വകയിരുത്തലും നിയന്ത്രിക്കുന്നതിന് ഫലപ്രദമായ നടപടികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ? | വിവിധ ഭരണച്ചെലവുകൾ കുറയ്ക്കുന്നതിനായി, സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ പുതിയ നികുതി-നികുതിയേതര നിർദ്ദേശങ്ങളോടൊപ്പം തന്നെ ചെലവ് ചുരുക്കലിനുള്ള കർശന നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജിസ്ട്രേഷൻ വകുപ്പ് അടിയന്തിരമായി ഇ-സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യു കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്, വിവിധ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാൻ ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളും 05.08.2013 ലെ 382/2013/ധന, 11.10.2013 ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ